**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ റഹീമ ഇ, അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. എ1- 2652/2017 ജിമെആ പാലക്കട് 25.04.2018
2. കാരണം കാണിക്കൽ നോട്ടീസ് തീയതി 14.06.2018
3. ഡോ റഹീമ ഇ സമർപ്പിച്ച അപേക്ഷ തീയതി. 14.07.2018
4. സ ഉ (അച്ചടി) നം 55/2020/ആകുവ തീയതി 16.09.2020
5. ഇഎ4- 105869/2018/ആവഡ തീയതി 15.09.2021
6. എം2/268/2024 ഹെൽത്ത് തീയതി 27.05.2024
7. ഡോ റഹീമ ഇ സമർപ്പിച്ച അപേക്ഷ തീയതി. 30.05.2024
8. ഡോ റഹീമ ഇ സമർപ്പിച്ച അപേക്ഷ (8729218/2024/min H) തീയതി 30.08.2024
9. എ3/617/2024-ഹെൽത്ത് തീയതി, 10.09.2024
10. സ ഉ (സാധാ) നം 55/2020/ആകുവ തീയതി 16.09.2020
11. കത്ത് നം DHS/13516/2024-EA4 date 13.11.2024
12.. എ3/617/2024-ഹെൽത്ത് തീയതി 20.12.2024
13. കത്ത് നം DHS/29483/2024-EA4 date 22.04.2025

**ഉത്തരവ് നം. DHS/29489/2024-EA4 തീയതി.08-12-2025**

ഡോ റഹീമ ഇ (Dr Raheema E PEN 773230), 02.02.2016 ന് ആരോഗ്യ വകുപ്പിൽ

സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. പാലക്കാട് കൊടുവായൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 13.08.2017 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പരാമർശം (3) പ്രകാരം ഡോ റഹീമ ഇ മറുപടി സമർപ്പിച്ചു. 14.02.2017 മുതൽ 12.08.2017 വരെ പ്രസവ അവധിയിൽ ആയിരുന്നെന്നും ടിയാളുടെയും കുട്ടിയുടെയും ആരോഗ്യ സ്ഥിതി മാനിച്ച് അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായത് മാപ്പാക്കണമെന്നും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നിർത്തി വയ്ക്കണമെന്നും അവധി കാലയളവ് കഴിയുന്ന മുറയ്ക്ക് ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്നും അറിയിച്ചു. അനധികൃതാവധിയ്ക്കുശേഷം തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് സ ഉ (സാധാ) നം 55/2020/ആകുവ തീയതി 16.09.2020 സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദിഷ്ടമാതൃകയിലുള്ള ബോണ്ട് ലഭ്യമാക്കുന്നതിന് പരാമർശം (5) പ്രകാരം ടിയാൾക്ക് അറിയിപ്പ് നൽകിയിരുന്നു. പരമാർശം (6) പ്രകാരമുള്ള സർക്കാർ നിർദ്ദേശാനുസരണം അനധികൃതാവധിയിലുള്ള ജീവനക്കാർക്ക് 06.06.2024 തീയതിയ്ക്കു മുൻപ് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അവസരം ലഭിച്ചിരുന്നതിനാൽ പരാമർശം (6) പ്രകാരം ഡോ റഹീമ ഇ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സന്നദ്ധത രേഖപ്പെടുത്തി 30.05.2024 തീയതിയിൽ അപേക്ഷ സമർപ്പിച്ചു. പരമാർശം (10) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ബോണ്ട് സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്ന് ഡോ റഹീമ ഇ പരാമർശം (9) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ശേഷം തിരികെ പ്രവേശിക്കുന്നതിന് പരാമർശം (10) ലെ വ്യവസ്ഥകൾ പാലിക്കുന്നതിന് പരാമർശം (12) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചു. ആയതിനാൽ പരമാർശം (13) പ്രകാരമുള്ള കത്ത് തീയതി മുതൽ 14 ദിവസത്തിനകം പരാമർശം (10) ലെ വ്യവസ്ഥകൾ പാലിക്കുന്നതിന് ഡോ റഹീമയ്ക്ക് അറിയിപ്പ് നൽകിയിരുന്നു. നാളിതുവരെ ഡോ റഹീമ ഇ, പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിന് തയ്യാറായിട്ടില്ല

(2) ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ

സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ഡോ റഹീമ ഇയ്ക്ക് തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് ഒന്നിലധികം അവസരം നൽകിയിരുന്നെങ്കിലും ടി അവസരം പ്രയോജനപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടിയാളുടെ അപേക്ഷകൾ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല. ടി സാഹചര്യത്തിൽ 13.08.2017 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ റഹീമ ഇ അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ റഹീമ ഇ അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 08-12-2025 16:28:49

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

ഡോ റഹീമ ഇ,

ഷാജി മൻസിൽ ഈസ്റ്റ് സ്ട്രീറ്റ്,

കൊടുവായൂർ പാലക്കാട്

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
പാലക്കാട്
3. മെഡിക്കൽ ഓഫീസർ ഇൻ ചാർജ്ജ്,
സാമൂഹികാരോഗ്യ കേന്ദ്രം കൊടുവായൂർ,പാലക്കാട്.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ഫയൽ